

# ഇതൾ

## ചെമ്പിലോട് ഹയർ സെക്കന്ററി സ്കൂൾ തലവിൽ

ചെമ്പിലോട് എച്ച് എസ് എസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ***ഇതൾ*** എന്ന ഒരു മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. ഈ സമയത്തിൽ ഇതിൽ പങ്കാളികളായ വിദ്യാർത്ഥികളേയും അവരെ സഹായിച്ച അധ്യാപകരേയും ഞാൻ അഭിനന്ദിക്കുന്നു . ഈ ഡിജിറ്റൽ മാഗസിൻ ഒരു വൻ വിജയമാകട്ടെ എന്ന് ആശംസിക്കുന്നു.



Mrudula M C
HM, Chembilode HSS Thalavil

## EDITORIAL BOARD

| | | |
|---|---|---|
| Chief Editor | : | Mrudula.M.C (HM) |
| Staff Editor | : | Ramisha. Kyppacheri |
| Sub-Editor | : | Leeshma.O |
| Student Editor | : | Sidharth k |
| Illustration | : | Niranjana |
| Members | | Swathika v c |
| | | Nandana |
| | | Neethu K V |
| | | Hamraz |
| | | Keerthana k k |
| | | Aginya |




"Every Child comes With the messaage that God is not yet Discouraged of Man"

- Tagore

## ഉള്ളടക്കം

ഓർമ്മയിൽ ഒരു മണിമുത്ത്..............................................................5
Our Clubs..............................................................11
തുടിതാളം തേടി..............................................................12
വർണ്ണപൂന്തോട്ടം..............................................................12
Moments..............................................................13
തണൽ..............................................................14
നിലാവ്..............................................................16
വഴികാട്ടി..............................................................16
മഴ..............................................................17
Hike,2019..............................................................19
കൊഴിഞ്ഞ പുഷ്പം..............................................................20
വഴികാട്ടി..............................................................21
ഓണം..............................................................21
Influence of Science In Nature..............................................................22
സ്വാതന്ത്ര്യം..............................................................24
മടക്കം..............................................................24
सुख-दुख..............................................................26
മാതൃദേവോ ഭവ:..............................................................28
അറിവിന്റെ പുണ്യഭൂമി..............................................................30
കംബ്യൂട്ടറിന്റെ ഭാഗങ്ങൾ..............................................................31
പോയകാലം..............................................................33
അമ്മ..............................................................34
തണൽ..............................................................35

# ഓർമ്മയിലൊരു മണിമുത്ത്

Aginya , 9th J

അതൊരു മഴക്കാലമായിരുന്നു. അന്നായിരുന്നു അവർ ആദ്യമായി കണ്ടുമുട്ടിയത്. അവന്റെ നോട്ടം പതിച്ചത് അവളുടെ ഹൃദയത്തിലേക്കാണ്. അവന്റെ കണ്ണുകൾക്ക് കടും കാപ്പി നിറമായിരുന്നു. അവൾക്ക് അവനെയും അവന് അവളെയും ഒരൊറ്റ നോട്ടത്തിൽ ഇഷ്ടമായി. ആദ്യമായി അവരുടെ രണ്ട് പേരുടെയും ജീവിതത്തിൽ ഒരു പ്രണയം....അവർ ഇണങ്ങിയും പിണങ്ങിയും മുന്നോട്ട് പോയി. ഓർക്കാൻ പല മധുരമായ കാര്യങ്ങളും. ഒരിക്കലും പിരിയാത്ത വിധത്തിൽ അവർ തമ്മിൽ അടുത്തു. ആ മഴക്കാലത്ത് മഴയിൽ കുളിർന്ന ഒരു പ്രണയം അങ്ങനെ തുടരുമ്പോഴാണ് അത് സംഭവിച്ചത്. അവളുടെ ഇക്ക നാട്ടിലേക്ക് വന്നു. അവളും അവനും സംസാരിക്കുന്നത് കണ്ടു.

വീട്ടിലെത്തിയ ഇക്ക അവളോട് ചോദിച്ചു. എടീ... സലീനേ... ആരാടീ അവൻ ? അവളൊന്നു വിറച്ചു.അവൾക്ക് പറയണമെന്നു തോന്നി. പക്ഷെ ചുണ്ടുകളിലൂടെ വാക്യങ്ങൾ വരാതെയായി. അവൾ പറഞ്ഞു; ഇക്കാ...അത്...എന്റെ ഒരു ചങ്ങായിയാ...വഴിയിൽ വച്ച് കണ്ടപ്പോ...സംസാരിച്ചു. അത്രേയുള്ളൂ. അപ്പോൾ ഇക്കയുടെ കൈകൾ അവൾക്ക് നേരെ ആഞ്ഞു. കള്ളം പറയുന്നോടീ...അവൻ നിന്റെ ആരാണെന്ന് ഞാനറിഞ്ഞു . നിർത്തിക്കോണം എല്ലാം ഇതോടെ.

അവൾ ഒന്നും മിണ്ടാതെ ഇക്കയുടെ മുന്നിൽ പകച്ചുനിന്നു.

.

ഇനി, നീ പുറംലോകം കാണുല...ഈ വീട്ടീന്ന് നീ പുറത്തിറങ്ങരുത്.

അതും പറഞ്ഞ് ഇക്ക പുറത്തേക്ക് പോയി. അവളുടെ ആ സുന്ദരമായ മിഴികളിൽ നിന്ന് കണ്ണുനീർ ഒഴുകി. അവൾ ഉമ്മയുടെ അടുത്ത് പോയി. ഉമ്മയെ കെട്ടിപ്പിടിച്ച് കൊണ്ട് പറഞ്ഞു.

ഉമ്മാ...എനിക്ക് ഓന മതി...

ഓനില്ലാണ്ട്...ഓനില്ലാണ്ട് അനക്ക് ജീവിതം വേണ്ട ഉമ്മാ...

ഉമ്മ അവളെ വിളിച്ച് പറഞ്ഞു:മോൾക്ക് ഇത് ഇക്കാനോട് പറഞ്ഞൂടെ..

അവൾ ഉമ്മയുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു. ഉമ്മാ എനിക്ക് ഇക്കാന പേടിയാ... ഉമ്മ അപ്പോൾ മോളെ സമാധാനപ്പിച്ചുകൊണ്ട് പറഞ്ഞു. ശെരി മോളെ ഇക്ക വരട്ട് ഞാൻ പറയാം.

അങ്ങനെ ഇക്ക വന്നു. ഉമ്മ കാര്യങ്ങൾ ഇക്കാക്ക് മുന്നിൽ വിളമ്പി. ഇക്ക ഒരുവധത്തിൽ സമ്മതിച്ചു.പിന്നെ ഉപ്പാന്റെ കാര്യം. ഉപ്പാക്ക് നാട്ടിൽവച്ച് ഏറ്റവും ഇഷ്ടമുള്ള ചെറുക്കനാണ് അവൻ.അതുകൊണ്ട് തന്നെ ഉപ്പാന്റെ കാര്യത്തിൽ ഒരു ബേജാറ് വേണ്ട. ഉമ്മ പറഞ്ഞു.

പിന്നെ ഒരു രണ്ട് മൂന്ന് മാസക്കാലശേഷം അവരുടെ കല്ല്യാണം ഉറപ്പിച്ചു. രണ്ട് വീട്ടുകാരും നല്ല സന്തോഷത്തിൽ. അവർ രണ്ടുപേരും ജീവിത്തിൽ വരാൻ പോകുന്ന ഏറ്റവും വലിയ വിധിയെ ഓർത്ത് സന്തോഷിക്കുന്നു.

അങ്ങനെ അവർ കാത്ത് നിന്ന നിമിഷം വന്നെത്തി. അവൾ അണിഞ്ഞൊരുങ്ങി. ഉപ്പാക്കും ഉമ്മാക്കും ഇക്കായ്ക്കും പ്രിയമുള്ള സലീന. അവൾ ഇന്ന് അവരുടെ വീട്ടിൽ നിന്നിറങ്ങും. മറ്റൊരുവീട്ടിൽ അവരുടെ മകളാകാൻ.

കല്ല്യണദിവസം അങ്ങനെ കടന്ന്പോയി. പല സുഖങ്ങളും സന്തോഷങ്ങളും പങ്കിട്ട് അവർ നല്ലൊരു ജീവിതം നയിച്ചു. അവർ തമ്മിൽ ഇന്നേവരെ ഒരു തരത്തിലുള്ള ദേഷ്യമോ പിണക്കമോ ഉണ്ടായില്ല. അവൾക്ക് ഇഷ്ടമില്ലാത്ത കാര്യം അവനോ അവന് ഇഷ്ടമില്ലാത്ത കാര്യം അവളോ ചെയ്തില്ല.

ഒരിക്കൽ ജോലി കഴിഞ്ഞ് വന്ന അവനോട് സലീന ചോദിക്കുന്നു. ഇക്കാ...വാ..ഭക്ഷണം കഴിക്കണ്ടേ...

അവളുടെ കൈകൾ തട്ടിമാറ്റികൊണ്ട് ദേഷ്യത്തോടെ അവൻ പറഞ്ഞു. എനിക്ക് വേണ്ട.

അവൾക്ക് അത് സഹിക്കാൻ കഴിഞ്ഞില്ല. അവൾ അത് ക്ഷമിച്ച് കൊണ്ട് കിടന്നു.

പിറ്റേന്ന് രാവിലെ ഭക്ഷണം കഴിക്കാൻ വിളിച്ചപ്പോൾ അവൻ വീണ്ടും ദേഷ്യപ്പെട്ടു. അവൻ പറഞ്ഞു: ' എന്റെ കാര്യത്തിൽ ആരും ഇടപെടേണ്ട.'

അവൾ ചോദിച്ചു: ഇക്കാ... ഇങ്ങൾക്ക് ഇതെന്താ പറ്റിയേ...ഇപ്പോഴെന്താ ഇങ്ങനെയൊരു സ്വഭാവമാറ്റം?

അവൻ ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി.

അവൾ കരഞ്ഞു. മിഴികൾ ചുവന്നു. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും അവൾ സഹിക്കും. പക്ഷെ അത് സ്വന്തം ജീവൻ

തന്നെ പറഞ്ഞാൽ അൾക്ക് സഹിക്കില്ല. അവൾ രാത്രി ഉറങ്ങാതെ അവനെ കാത്തിരുന്നു. അവൻ വന്നില്ല. അവൾ വീട്ടിലേക്ക് ഫോൺ വിളിച്ചു. നടന്നതെല്ലാം പറഞ്ഞു. വീട്ടുകാർ അവിടെ വന്നു.

അന്ന് രാത്രി അവൻ വീട്ടിലേക്ക് വന്നു. അവളുടെയും അവന്റെയും വീട്ടുകാർ അവനോട് എന്തൊക്കെയോ ചോദിച്ചു. അവൻ പറഞ്ഞു: എനിക്ക് ഓളെ വേണ്ട...

ഏവരും ഞെട്ടി. വന്ന് കൂടിയവർക്കെല്ലാം അതൊരു തളർച്ചയായി മാറി.അവൾ പോട്ടിക്കരഞ്ഞു .ഒന്നും പറയാൻ കഴിയാതെ അവൾ റൂമിലേക്ക് ഓടിപ്പോയി വാതിലടച്ചു.വീട്ടുകാർ മോളേ ..സലീനാന്ന് വിളിച്ച് അവളുടെ പിറകെ ഓടി വാതിൽ മുട്ടി. അവന്റെ വീട്ടുകാർ അവനെ എന്തൊക്കെയോ പറഞ്ഞു. അവളുടെ ഇക്ക അപ്പോൾ അവിടെയെത്തി അവളെ ചെന്ന് വിളിച്ചു. അവൾ വാതിൽ തുറന്നു. വാ നമുക്ക് വീട്ടിലേക്ക് പോകാം... അവൾ അവളുടെ എല്ലാ വസ്തുക്കളും എടുത്ത് വീട് വിട്ടിറങ്ങി. ഒന്ന് തിരിഞ്ഞ് നോക്കി. അവൻ വിളിക്കുമെന്ന് കരുതി. പക്ഷെ അവൻ ഒന്ന് നോക്കുക പോലും ചെയ്തില്ല.

അങ്ങനെ കുറേ മാസങ്ങൾ കഴിഞ്ഞു. അവൾ ഇപ്പോൾ ഏറ്റവും വെറുക്കുന്നത് ഒരുകാലത്ത് അവൾ ആത്മാവായി കണ്ട അവനെയാണ്. അവൾക്ക് ഇക്ക മറ്റൊരു പയ്യനെ കണ്ടുപിടിച്ചു. അവൾ അവനോടുള്ള വെറുപ്പിൽ മറ്റൊരു വിവാഹം കഴിക്കാൻ തയ്യാറായി. അവന്റെ പേര് റഹീം എന്നായിരുന്നു. അവൾ അവന്റെ കൂടെ ജീവിച്ചു. അവൻ അവളുടെ എല്ലാ കാര്യങ്ങളും അറിഞ്ഞിരുന്നു.

ഒരു ദിവസം എല്ലാവരെയും ഞെട്ടിച്ച അവൾക്ക് സന്തോഷമാകുന്ന ഒരു വാർത്ത കേട്ടു. സലീനയുടെ ആദ്യത്തെ ഭർത്താവായ സലീമിന് ബ്ലഡ് ക്യാൻസറാണെന്ന് നാട്ടുകാരും എല്ലാവരും പറഞ്ഞു: ആ പെണ്ണിന്റെ വെറുപ്പ് അവന് തട്ടീറ്റുണ്ടാവും. അത്രയ്ക്ക് വേദനിപ്പിച്ചവല്ലോ അവൻ ആ പെണ്ണിനെ....

അവന്റെ വീട്ടുകാർ എല്ലാം അവനോട് ചോദിച്ചു. മോനേ ഡോക്ടറെ കാണിച്ചോ.....

അവൻ ഒന്നും മിണ്ടിയില്ല. അങ്ങനെ അവൻ മരണത്തിന്റെ അടുത്തെത്തി. സലീനയുടെ ഭർത്താവ് റഹീം അവിടെ അവനെ കാണാൻ പോയി. അവനോട് സലീം പറഞ്ഞു. റഹീമേ... എനിക്ക് സലീനയെ ഒന്ന് കാണണം. കൊണ്ടുവരുമോ...

അവൻ കൊണ്ടുവരാമെന്ന് പറഞ്ഞ് മടങ്ങി...

അവൾ സമ്മതിച്ചില്ല. സലീം മരണമടഞ്ഞു. അവൻ മരിക്കുന്നതിനു മുമ്പ് ഒരു ഡയറി അവന്റെ അമ്മാവന്റെ കൈയ്യിൽ കൊടുത്തിരുന്നു. അത് റഹീമിനെ ഏൽപ്പിച്ചു. അതവൻ സലീനയ്ക്ക് കൊണ്ടുകൊടുത്തു.

സലീന വായിച്ചില്ല. അങ്ങനെ കുറച്ച് മാസങ്ങൾക്ക് ശേഷം അവൾ വെറുതെയൊന്നെടുത്ത് നോക്കി വായിച്ചു. അതിൽ അവനെ പറ്റിയുള്ള എല്ലാ കാര്യങ്ങളും ഉണ്ട്. അതിൽ സലീനയെ ഞെട്ടിച്ച ഒരു കാര്യം അവൻ സലീനയെ ഒഴിവാക്കാൻ കാരണം താനൊരു രോഗിയാണെന്നറിഞ്ഞതുകൊണ്ടാണ്. “അവൾ എനിക്ക് ശേഷം മറ്റൊരാളെ സ്വീകരിക്കുകയില്ല. അതുകൊണ്ട് ഞാൻ അവൾക്ക് എന്നോട് വെറുപ്പുള്ളതാക്കുന്നു. എങ്കിൽ അവൾ മറ്റൊരാളെ ജീവിത പങ്കാളിയായി സ്വീകരിക്കും.”

ഇതുകണ്ട് അവൾക്ക് സങ്കടം സഹിക്കാനായില്ല. അവൾ നിറഞ്ഞ കണ്ണുകളോടെ തുടർന്ന് വായിച്ചു. അക്ഷരങ്ങൾ തെളിയുന്നില്ല. കണ്ണ് തുടച്ച് വീണ്ടും വായിച്ചു. "റഹീം എന്റെ ഉറ്റ കൂട്ടുകാരനാണ്. അവനോട് എന്റെ എല്ലാ കാര്യങ്ങളും സംസാരിച്ച് സമ്മതിപ്പിച്ചു." അവൻ തന്റെ കൂട്ടുകാരന് വേണ്ടി എന്തും ചെയ്യുമായിരുന്നു.

ഇതും കൂടി കണ്ട് സലീന മാനസികമായും തളർന്നു. എന്റെ സന്തോഷത്തിനുവേണ്ടി സ്വയം വെറുപ്പിച്ച് ലോകത്ത് നിന്ന് തന്നെ പോയിരിക്കുന്നു. വിധവയാണെങ്കിലും ഒരിക്കലും ഇക്ക ഇങ്ങനെ ചെയ്യേണ്ടിയിരുന്നില്ല. ഞാൻ എന്തൊക്കെ പറഞ്ഞു,പ്രാകി, എത്ര വെറുത്തു. അവസാനം മരണസമയത്ത് പോലും ഒന്ന് മുഖം കാണിക്കാൻ ഞാൻ പോയില്ല. അവസാനമായൊന്ന് കാണാൻ വരെ ഞാൻ സമ്മതിച്ചില്ല.......ഞാൻ എന്ത് ക്രൂരയാണ്....

സലീമിന്റെ ഓർമ്മയിൽ അവൾ ഇന്നും ജീവിക്കുന്നു.

# Our Clubs.......



NCC




SPC



GUIDES



SCOUT



Junior Red Cross



Little kites

## തുടിതാളം തേടി

കീർത്തന.കെ.ക

നമ്മുടെ മാതാവ്യ കൈരളി പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ
റോടിക്കളിച്ച രസിച്ച കാലം
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ടത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

## വർണ്ണ പൂന്തോട്ടം

നീതു കെ . വി 9F



പരന്നു കിടക്കുന്നു മുന്നിൽ
പല നിറങ്ങളിൽ
വർണ്ണങ്ങളിൽ , ഭാവങ്ങളിൽ
ഒരു മനോഹരമാം പൂന്തോട്ടം
വർണ്ണപരവതാനി വിരിച്ചപോലെ
ഇരുകൈകൾ നീട്ടി വിളിക്കുന്നു
അരികക്കണയാൻ
മാറിലെക്ക് ചേരുവാൻ
ആ മൃദു സ്പർശക്കിൽ
അലിഞ്ഞുപോയ് ദു :ഖങ്ങൾ
ഒരു തലോടലായ് തഴുകലായ്

# Moments......













# തണൽ

നീതു . കെ .വി , 9th F

വീണപോകുന്ന നേരത്തു
തണലായി കൂടെയുണ്ടാകണം
നീയെന്നുമെൻ ചാരേ.......
അനുദിനമെരിയുന്ന ചിത്തത്തിലിത്തിരി
കുളിരിന്റ തണലേകണം ചന്ദനം പോൽ
ഒട്ടല്ല വീഴ്ചകൾ ജീവിത
പാന്ഥാവിൽ തളരുവാൻ കാരണം
മോഹഭംഗങ്ങളോ .......
എങ്കിലുമേകണം നീട്ടിയകയ്യാളാൽ
ഇത്തിരി തണലിന്റെ
നിലാവ് പൂത്തപോൽ
ചാരത്തണയുവാൻ ......
ചെർത്തുപിടിക്കുവാൻ നീയെന്ന
തണലിന്റ പശ്ചിമ വേണം
മുകമാം മനസ്സിൽ താളവിന്യാസങ്ങൾ
നിൻ തണൽ വിരലിനാൽ
തഴുകിയുറക്കണം!!.

1.ഇന്ത്യയിൽ  ആദ്യം നിർമ്മിക്കപ്പെട്ട സൂപ്പർ കമ്പ്യൂട്ടർ ?

ഉത്തരം : പാരം

2.ഹോട്ട്മെയിൽ സ്ഥാപകൻ ?

ഉത്തരം :സബീർഭാട്ടിയ

3.Tally എന്ന സോഫ്റ്റ് വെയർ എന്തിന് ഉപയോഗിക്കുന്നത്?

ഉത്തരം : അക്കൗണ്ടിംഗ് ജോലികൾക്ക്

4. 'c' എന്ന കമ്പ്യൂട്ടർ ഭാഷയുടെ പിതാവ്?

ഉത്തരം :ഡെന്നീസ് റിച്ചി

5. ഗൂഗിളിന്റ ആദ്യത്തെ പേര് ?

ഉത്തരം :ബാക്ക്റബ്

6. ഗൂഗിളിന്റ സ്ഥാപകൻ ആര്യ

ഉത്തരം :ലാറി പേജ് & സെർജാൻ പ്രിങ്

7.കമ്പ്യൂട്ടറിന്റ തലച്ചോർ ആയി അറിയപ്പെടുന്ന ഭാഗം?

ഉത്തരം : സി പി യു

8.മൈക്രോസോഫ്റ്റ് സ്ഥാപകൻ ?

ഉത്തരം : ബിൽ ഗേറ്റ്സും പോൾ അലനം

9.വേൾഡ് വെബിന്റ ഉപജ്ഞാതാവ്?

ഉത്തരം : ടിം ബർണേഴ്സ് ലീ

10.കേരളത്തിലെ ആദ്യത്തെ കമ്പ്യൂട്ടർ സാക്ഷരത ഗ്രാമം ?

ഉത്തരം : ചമ്രവട്ടം

## നിലാവ്

ഗോപിക പ്രകാശ് സി.ആർ, 9th E



നറുചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിന്നും
വിണ്ണിൻ  നിന്നീ വെണ്ണിലാവ്
ഇരവിന്നിരുളിൽ
വഴിയേതെന്നറിയാതുഴലും
നേരത്തെൻ  ചാരത്തായണയും
സഖിയേ ... സഖിയേ
മണ്ണിനിരുളകലാൻ , കണ്ണിൽ
കാഴ്ചകൾ തെളിയാൻ
കനവിൽ നിറയും നിനവിൽ
കുളിരും കൂട്ടായണയും
നിലാ തുവലഴകേ ...
നിറ നിലാ കുടവുമായെന്നുമെൻ
അരികിലണയുമോ സഖിയേ...

## വഴികാട്ടി

നീ നടന്നകന്ന വഴിയിലെകാൽ
പാടുകൾ ആണെൻ വഴികാടി
നീ തെളിയിച്ച വെച്ച ദീപത്തിൽ
കിരണമാണെൻ വെളിച്ചം
നീ പകർന്ന നിൻ ആശയ
ങ്ങളാണന്റ സ്വപ്നങ്ങൾ
നീ ആരാണെന്നെനിക്കറിയില്ല
നിന്നെ തേടാനാണി ജീവിതം

Anamika .p.p ,9th E

## മഴ

വീണ്ടുമൊരു മഴക്കാലം ...

മഴ പലതിന്റേയും പ്രതീകമാണ്



ഗൃഹാതുരതയുടെ, നേട്ടങ്ങളുടെ,
നഷ്ടപ്പെടലുകളുടെ ...
വാഴയിലകൊണ്ട്
തലമറിച്ച്,പാടവരമ്പിലെ ചെളി
ചവിട്ടിത്തെറിപ്പിക്കുന്ന നാലാം
ക്ലാസ്സുകാരൻ.
കൂട്ടുകാരുമൊത്ത് മഴയുടെ
ഇടവേളയിൽ
ചൂണ്ടയിടാൻ പോകുമ്പോഴവൻ
മുണ്ടുടുക്കാൻ തുടങ്ങിയിരുന്നു.
അവളെ ആദ്യമായി കണ്ടതും
ഒരു മഴക്കാലത്താണ്.
സന്ധ്യയ്ക്കുള്ള മഴയിൽ ചെളിതെറിച്ച
പാവാടത്തുമ്പു നോക്കി ,
ദീപാരാധനതൊഴുതു വരികയായിരുന്നവൾ.
ഋതുഭേദങ്ങൾ മാറിവന്നു.
ഒടുവിൽ , അവൾ അകന്നുപോയതും
ഇടിയും മഴയുമുള്ള ഒരു സായന്തനത്തി
ലാണ് .
ആദ്യമായ് വിയർപ്പിന്റ മണമുള്ള

നോട്ടുകൾ വാങ്ങുമ്പോഴും
പുറത്ത് ചാറ്റൽ മഴയായിരുന്നു .
ഒരു തുലാമഴയിലാണ് നിലവിളക്കുമായ്
സഖി വന്നണഞ്ഞതും
പിന്നീട് ഒരു പാട് മഴക്കാലങ്ങൾ .,
ഓരോ മഴക്കാലത്തിനും
ഒരു കഥ പറയാനുണ്ടായിരുന്നു ഇന്ന്
കാറ്റിലുലഞ്ഞ നരകയറിയ തലമുടി
മാടിയൊതുക്കി ചാരുകസേരയിലിരുന്ന്
ഓർത്തെടുക്കുകയാണ്,
കഴിഞ്ഞുപോയ മഴക്കാലങ്ങളെ,
വഴിത്തെറ്റി വന്ന ഒറ്റ മഴത്തുള്ളി
കണ്ണടച്ചില്ലിൽ തട്ടിപരന്നു .,
എന്തോ ഓർത്തുകൊണ്ടുള്ള അവളുടെ
നിശ്വാസവും കാതിൽ കേട്ടു .
ചിലപ്പോൾ അവളും മഴയെക്കുറിച്ചാവും
ഓർക്കുന്നത് .
മുറ്റത്തും തൊടിയിലും തകർത്തു
പെയ്യുന്ന
കാലപ്രയാണത്തിനു സാക്ഷിയായ മഴ.

# Hike, 2019.......













# കൊഴിഞ്ഞ പുഷ്പം

Avani.v 9th E



കുളിർത്തീടുന്ന കഠിനമായ്
മുഴുവിലും മരികാത്ത ഓർമ്മകൾ
ഈ കാറ്റിൽ പടരാതെയെലന്നും
മണ്ണും ഉലായ് വിശുന്നൊരാ
ഈ കാറ്റിൻ മൃദുമർമ്മരം
എൻ മാറിൽ ബാക്കിയാക്കുന്നിതാ
ജീവിതത്തിൽ ചുടുനിഴല്പ്പാടുകൾ
കാതോർക്കു വച്ച ഇളം കാറ്റിൻെറ
ദീർഘ നിശ്വാസത്തിലൻ


വീഥിയിൽ,ഒരു കൊഴിഞ്ഞ

പുഷ്പമായ്,ഞാനും വിളങ്ങീടുന്നുവോ സദാ
ജീവിതഗന്ധിതൻ കനലോർമ്മകൾ
നീറ്റുന്നൊരാ മുറിവേറ്റപാടുകൾ
തിരയുന്നുവോ എൻ
ജീർണ്ണമാം ആത്മാവിൻ മുഴുവും
കൊഴിഞ്ഞുപോയൊരാ നനവാർന്ന
ജീവനിലുണ്ടായിരുന്ന
ഈ കാറ്റിനും മധുരമാമൊരു സുഖം
നൊമ്പരത്തിൽ ജീവിതസ്മരണകൾ
സ്മരിപ്പിക്കുമി കാറ്റിന്നിതെൻ
ഹൃദയവും തരിക്കട്ടെ എൻ
ജീർണ്ണമാം ആത്മാവിലൊരിക്കൽക്കൂടി
ഈ കാറ്റും അർത്ഥിക്കായ് വീണ്ടും
കൊഴിഞ്ഞ പുഷ്പമേ......നിനക്കിതെന്തു പറ്റി....?

## വഴികാട്ടി

Swaliha T K 10th A

നീ നടന്നകന്ന വഴിയിലെകാൽ
പാടുകൾ ആണെൻ വഴികാടി
നീ തെളിയിച്ച വെച്ച ദീപത്തിൽ
കിരണമാണെൻ വെളിച്ചം
നീ പകർന്ന നിൻ ആശയ
ങ്ങളാണന്റ സ്വപ്നങ്ങൾ
നീ ആരാണെന്നെനിക്കറിയില്ല
നിന്നെ തേടാനാണി ജീവിതം




## ഓണം

***ഓണം*** വന്നല്ലോ ഊഞ്ഞാലിട്ടല്ലോ
കോടിയുടുത്തല്ലോ ഉണ്ണി
ചാടിമറഞ്ഞല്ലോ
കൂട്ടുകാരേ വരുന്നില്ലേ പന്തുകളിക്കാലോ
സന്ധ്യവരും മുമ്പേ
ഉണ്ണിപന്തുകളിക്കാലോ
ഓണം വന്നല്ലോ ഊഞ്ഞാലിട്ടല്ലോ
കോടിയുടുത്തല്ലോ ഉണ്ണി ചാടിമറഞ്ഞല്ലോ

# *INFLUENCE OF SCIENCE IN NATURE*




Adithya.M , 9E

Our nature is dccaying very fastly andits greatest responsibility is for us. Our very own activities are responsible for the nature's problems.When new and better tecnology will be ariving with new and up afficient innovation field the problem's toward's nature are getting solvedgradually.Nature is gettingugly day by day.Few weeks carlier Amazon rainforest the lungs of the would was choking with famous it's because of our activity carth is worming up and artic is melting.This all are due to us.There are meny things related to science which influmens .Nature like burning fossil.Naturelike burning fossil fuels,cutting down of trees ,using less efficent tecnologies in many scientific things.Now a day's electric vehicles are being monufactured by automakers and its a very good thing because electric vehicles has zero carbon commisions so its not pollutant towards nature.By using petrol and diesel its a harm towards nature and it influences.Global worming hybrid vehicles are also being better efficientthan Gasoline cars.In our

places landscapes are destroyed using diggcrs and other machinery for better properties.But it has huge impacts on our

nature and the eccosystem severc.In newsreports other studies conducted its said that non scientific land using for ,cultivation, mining and other problems are the main problemsfor this floods that we have experience in nearby days.In recent two years kerala has experienced severd floods and its main reason is natives of our places there are
always better scientific ways to be utilzed in
our quest for everything in this would and we need to discover it.Whennew and new tecnologies arrives we need to accept it.We

should not cut down trees its one of the main
problems we are experiencing.New and new
tecnologies has to be utilized more and more
.We need to utilize new methord in mining andother things related to earth resourens because its harming our earth in mony different ways.Then only we can regain or
prosporous very good looking nature.

ആദിത്യ.എം , 9.E

# സ്വാതന്ത്ര്യം



സ്വാതന്ത്ര്യം വേണമെന്നായിരുന്ന
ആഗ്രഹം,അത് കിട്ടുന്നവരെ
കിട്ടിയാലപ്പോഴാണ് അറിഞ്ഞത്
അതിപ്പോഴും തടങ്കല്ലിലാണെന്ന്
എന്തിനും സ്വാതന്ത്യമുണ്ട്
മരിക്കാനും
കരയാനും പറയാനും എഴുതാനും
എങ്കിൽ സമൂഹത്തിനെ കരങ്ങളാൽ
സ്വാതന്ത്ര്യം ഇന്നും തടവിലാണ്

## മടക്കം

ഈ ഓണമെ നന്ദി
ഭംഗിയായ് മടക്കി
നീ നീർത്തിയ കസവുകുപ്പായങ്ങൾ
നിറഞ്ഞു പൂക്കളും
മണ്ണിലും മനസ്സിലും
സുഗന്ധമാകാൻ തളിച്ച
വളർത്തിയ ചെടികളിൽ
മധുരമായ് പായസം.....
ഇത്തിരി ഉപ്പും നീറലും
അറിയാതിരിക്കാൻ
ഞാൻ അറിഞ്ഞിട്ട മധുരത്തിൽ
പാടി ഓണനിലാകുളിർ
പണ്ടേ നീളം പറഞ്ഞു
ളുക്കിയൊരുഞ്ഞാലിൽ
ചിരി പടർത്താൻ വന്ന
എൻ പഴയഓണക്കാലം

# ഐ.ടി. ക്വിസ്

1. ലോകപ്രശസ്തമായ ഓൺലൈൻ ലേലം വെബ്സൈറ്റായ ഇ-ബെയുടെ സ്ഥാപകൻ?

ഉത്തരം:പിയറി ഒമിഡ്യാർ

2. ഇന്റർനെറ്റിന്റെ ലോകത്ത് എസ്.എം.എസ് എന്നറിയപ്പെടുന്നത്?

ഉത്തരം:ട്വിറ്റർ

3. ആദ്യ ആനിമേഷൻ കാർട്ടൂൺ ഏത്?

ഉത്തരം:മിക്കി മൗസ്

4.ഇന്റർനെറ്റ് കമ്പനികളിൽ ഏറ്റവും പ്രശസ്തമായ ആമസോണിന്റെ സ്ഥാപകൻ ആര്?

ഉത്തരം:ജെഫ് ബെസോസ്

5. വീഡിയോ ഗെയിമുകളുടെ പിതാവ് ആര്?

ഉത്തരം:നോലൻ ബുഷ്

# सुख-दुख



जीवित में दुख है औौर सुख है
पर मैं दुख  में पड. गया।
मेरा दुख है मेरा स्वप्न
मेरा स्वप्न साक्षात्कार करने केलिड
मौं प्रयत्न करते है

सभी पराजयों मुझको ऐंक दुख है
पर मैं मालूम दुख है तो सुख है
जीवित सुख और दुख से भर गया...

दुख है तो सुख है
दुख को बाद सुख मिलूँगा
मैं मेरा स्वप्न के बार दुखित है
पर इसको बाद सुख मेरा जीवित में आ गया
मेरा दुख है मेरा स्वप्न
मेरा स्वप्न है मेरा सुख
तो मेरा दुख मेरा सुख है

Abhishek 9th G

## കർഷകന്



ഇന്നുമീ പുലരി
പരമോന്നതം!
ഞാനീ
പ്രകൃതിതന്നാരാധകൻ
സ്വച്ഛം,സുന്ദരം,
ഈ കാർമേഘജാലം
അതിലായിരം മിഴികളായ്
കാതിലെന്നുള്ളം കുളുർക്കെ
ചടുലമായ് മെയ് മറന്നിമണ്ണിലെൻ
സ്നേഹമലിയിക്കുന്ന ഞാൻ കർഷകൻ

## याद

याद रहा है सुख की खोज में
सारे जराह हर पल
चल्ती हूं मै बिना दिशा
नहीं देस्व अब भी
माम की पालन मिली बचपन
पिता का लालन हमेशा

Ramisha kyppacheri , HST Sanskrit




# മാതൃദേവോ ഭവ:

'സം' എന്ന പദത്തിന് സമ്യക് എന്നാണർത്ഥം.കൃതം എന്നാൽ 'did' എന്ന പദത്തിന് തുല്യമായ അർത്ഥമാണ്.സമ്യക് എന്നതിന് 'നേരെ ചൊവ്വേ' എന്ന് പച്ചമലയാളത്തിലും straight എന്ന ഇംഗ്ലീഷിലും പറയാം.അപ്പോൾ A work which is straightly done,അതാണ് സംസ്കൃതം

ഭാരതീയ ഋഷി പുംഗവൻമാർ മനുഷ്യനും പ്രകൃതിയും ദൈവവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളെക്കുറിച്ചും ആഴത്തിലും പരപ്പിലും മനനം ചെയ്തവരായിരുന്നു.അതിന് തക്കതായ ഏകാഗ്രതയും സാവകാശവും അന്നത്തെക്കാലത്ത് സാധ്യമായിരുന്നു.മറ്റ് ജന്തു മൃഗാദികളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യന് കരഗതമായ ഭാഷാ നൈപുണിയെക്കുറിച്ച് ഗൗരവതരമായി വിചിന്തനം നടത്തിയ പാണിനിമാർ കറതീർന്ന് തയ്യാറാക്കി ചിന്തേരിട്ട് മിനുക്കിയെടുത്ത സമ്പൂർണ്ണ ഭാഷയാണ് സംസ്കൃതം. ചിന്ത, യുക്തി, പ്രായോഗികജ്ഞാനം എന്നിവയിലുരസിയാണ് സംസ്കൃതത്തെ ചിന്തേരിട്ടത്. അതുകൊണ്ട് തന്നെ സംസ്കൃതം ഭാരതസംസ്കാരത്തിന്റെ നിലപാട് തറയായി മാറി. പ്രകൃതാവസ്ഥയിൽ നിന്ന് സംസ്കാരത്തിലേക്കുള്ള മനുഷ്യന്റെ വളർ

ച്ചയാണ് വികസനം. പ്രാകൃതഭാഷയിൽ നിന്ന് സംസ്കൃതഭാഷ രൂപപ്പെടുന്നത് ഈ സംസ്കാരികവികസനത്തിന്റെ പരിച്ഛേദമാണ്.

സംസ്കൃതഭാഷയെ ലോകോത്തര ഇതിഹാസമാക്കിയത് ഭാവനാസമ്പന്നരും പണ്ഡിതരും സുമനസുകളുമായ മാമുനിമാരാണ്. ആശ്രമത്തിനകത്തെ ആധ്യാത്മികമായ അന്തരീക്ഷത്തിലിരുന്ന് സൂക്ഷ്മമായ പ്രാപഞ്ചികരഹസ്യങ്ങളെക്കുറിച്ചും പ്രപഞ്ച പരിണാമോദ്ഭിന്ന സർഗ്ഗക്രിയാസാരത്തെക്കുറിച്ചും വിചിന്തനം ചെയ്ത് സമൂല പ്രപഞ്ചത്തെ കരതലാമലകമാക്കി മാറ്റുകയായിരുന്നു അവർ ചെയ്തത്. അവർ വിജ്ഞാനത്തെ വാറ്റിയെടുത്ത് ജ്ഞാനത്തിന്റെ ലഹരി പാനം ചെയ്തു. മാത്രമല്ല ആ ജ്ഞാനത്തെ മറ്റ് പ്രതിഭകളുമായി കൂട്ടിയുരസി. ത്യാജഗ്രാഹ്യവിവേചനബുദ്ധിയോടെ സംസ്കരിച്ചു. അങ്ങനെയുള്ള സംസ്കാര പ്രക്രിയയിലൂടെയാണ് ഉപനിഷത്തുകൾ ഉണ്ടായത്. വേദങ്ങളും ഉപനിഷത്തുകളും, രാമായണവും മഹാഭാരതവും അഷ്ടാംഗഹൃദയവും നാട്യശാസ്ത്രവും ധ്വന്യാലോകവും അഷ്ടാദശപുരാണങ്ങളും സിദ്ധരൂപവും പാണിനിയവുമെല്ലാം ലോകസംസ്കാരത്തിന്റെ പ്രാകാരഗോപുരങ്ങളാണ്. ശാസ്ത്രകണ്ടുപിടിത്തങ്ങളും വിജ്ഞാനത്തിന്റെ വിസ്ഫോടനവും ഒന്നും തന്നെ ഉണർന്ന് വരുന്നതിന് മുമ്പ് അവർ തയ്യാറാക്കിയ മേൽപറഞ്ഞ ഇതിഹാസങ്ങൾ പോലെയൊന്ന് എല്ലാം തികഞ്ഞു എന്നഹങ്കരിക്കുന്ന ആധുനികകാലത്ത് ഉണർന്ന് വരാത്തത് പോകട്ടെ അത്തരം കൃതികളുടെ ഏഴയൽപക്കത്ത് വരുന്ന ഒരുവർക്കും ചെയ്യാൻ കഴിയുന്നില്ല. അവിടെയാണ് സംസ്കൃത ഭാഷയുടെ മഹത്വം വെളിവാക്കുന്നത്. ലാറ്റിൻ ഭാഷയും ഇംഗ്ലീഷ് ഭാഷയുമായി സംസ്കൃതപദങ്ങളുടെ സാമ്യതയെക്കുറിച്ച് പഠിച്ചപ്പോഴാണ്

Sidharth k, 9th c

# അറിവിൻെറ പുണ്യ ഭൂമി




ഓർക്കുന്നു ഞാനാ ദിനം
എൻ മനസ്സിൽ കോണിലെവിടെയോ
മായാതെ കിടക്കുന്ന ആസുദിനം
അമ്മയുടെ വിരൽത്തുമ്പിൽ തൂങ്ങി
ആദ്യമായി ഈ പടി കയറിയത്
അമ്മയായിരുന്നു അന്ന് എൻ ലോകം
ആ വിരൻത്തുമ്പ് അകറ്റിയപോൾ
അരുവിയായി ഒഴുകി എൻ കണ്ണുനീർ
ഇന്ന് ഇവിടമാണെൻ ലോകം
അറിവിൻെറ വെളിച്ചം കൈകളിൽ
നൽകി
അണയാതെ സൂക്ഷിക്കാൻ പഠിപ്പിച്ച ഗുരുനാഥന്മാരും
എന്നും കൂട്ടായ കൂട്ടുകാരും
വിട പറയാൻ സമയമായപ്പോൾ
മറകില്ലൊരിക്കലും ഈ വിദ്യാലയം
മറക്കാൻ കഴിയില്ലെനിക്കീ പുണ്യഭൂമി......

# കമ്പ്യൂട്ടറിൻെറ ഭാഗങ്ങൾ



മൗസ്

കീബോഡ്

സി.പി.യു

യു.പി.എസ്

മോണിറ്റർ

മദർബോഡ്

സ്പീകർ

വെബ്ക്യാമറ

മെമ്മറി ബോക്സ്

ഫ്ലോപ്പി ഡിസ്ക്

ഹാഡ് ഡിസ്ക്

സി.ഡി.ഡ്രൈവ്

റാം..................................

## ഐ.ടി.ക്വിസ്

ത്രീ ഡി ആനിമേഷൻ നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്ന സോഫ്റ്റ വെയർ ? -3D studio max.

ഇൻററർനെറ്റ് വേഗത യൂണിറ്റ് ? -bps[ bits per second ].

ആദ്യ ഇൻററർനെറ്റ് സന്ദേശം ? - lo [login].

ആദ്യ ആനിമേഷൻ കാർട്ടൂൺ ? - mickey mouse.

2014-ൽ പുറത്തിറങ്ങിയ ആൻഡ്രോയിഡ് വേർഷൻ ? - ലോലീപോപ്പ്.

CD യുടെ സംഭരണശേഷി ? - 650 mb.

ഇൻറനെറ്റ് ലോകത്തേ sms എന്നറയപ്പെടുന്നത് ? - twitter.

മൈക്രോസോഫ്റ്റ് സ്ഥാപിതമായ വർഷം ? -1975.

# പോയകാലം

Krishnendu , 9th A



മടിയാണെനിക്കെന്നും പോയിടാൻ
എൻ മധുരമാം
വിദ്യാലയാങ്കണത്തിൽ
ഓർക്കുന്ന ഞാനിന്നൊരു
നൊമ്പരമായ്
മധുരമാം എൻ പഠനകാലം
അടിയിൽ തുടങ്ങിയ കൂട്ടുകെട്ടും
പിന്നെ, കുട്ടിത്തം മാറാത്ത
പ്രണയകഥയും
തല്ലിയും ,പിച്ചിയും കൂടെ
ചിരിച്ചും.......
സൗഹൃദം കൂടിയ നോളുകളിൽ
ഓർത്തില്ല ഞാനന്നിതുവെറും
ഓർമ്മയാകുമെന്ന്

കണക്കില്ല ,കണക്കിൽ തോൽക്കുന്ന
നാളുകൾക്കന്ന്
നാണക്കേടൊട്ടുമേ ഇല്ലതാനും
ഗുരുവിൽ കേൾക്കും വഴക്കുകളേറെയുമെന്നാൽ
സുഖമാണതിന്നോർക്കുബൊഴൊക്കെയും
കൊതിക്കുന്ന ഞാനിന്നൊരിക്കലെങ്കിലും
തിരികെ വരാതെൻ ബാല്യകാലം

Kavya Devan , 9th E

# അമ്മ

ആദ്യമായി കണ്ണുതുറന്നപ്പോൾ കണ്ടത്
വാത്സല്യ നിദിയായ
എന്നമ്മയെ
പാലും പഴവും...
കൈകളിലേന്തി
എന്നമ്മ എന്നെ ഊട്ടിടുന്നു
താരാട്ടുപാട്ടിന്നീണങ്ങളാലെ
എന്നമ്മ എന്നെ ഉറക്കീടുന്നു
പിച്ചവയ്ക്കുന്ന കാലൊന്ന്
ഇടറിയാൽ
എത്തിപ്പിടിക്കുന്ന പിഞ്ചുകരം
കൈവളരുന്നതും
കാൽവളരുന്നതും
നോക്കി നോക്കി അമ്മ
നിന്നിടുന്നു
ഞാനൊന്ന് കരഞ്ഞാൽ
ഓടിവന്നെന്നെ കൊഞ്ചിച്ചെടുത്തീടുമെന്റെയമ്മ
അമ്മിഞ്ഞപ്പാലിന്റെ മധുരം നുകരുമ്പോൾ
താരട്ടു പാടീടും എന്റെയമ്മ...
എന്റെയമ്മ.........
എൻജീവനാണമ്മ...........



# തണൽ

നീതു . കെ .വി , 9th F



വീണുപോകുന്ന നേരത്തു
തണലായി കൂടെയുണ്ടാകണം
നീയെന്നുമെൻ ചാരേ.......
അനുദിനമൊരിയുന്ന
ചിത്തത്തിലിത്തിരി
കുളിരിന്റ തണലേകണം
ചന്ദനം പോൽ
ഒട്ടല്ല വീഴ്ചകൾ ജീവിത
പാസ്ഥാവിൽ തളരുവാൻ കാരണം
മോഹഭംഗങ്ങളോ .......
എങ്കിലുമേകണം നീട്ടിയകയ്യാളാൽ
ഇത്തിരി തണലിന്റെ
നിലാവ് പൂത്തപോൽ
ചാരത്തണയുവാൻ ......
ചെർത്തുപിടിക്കുവാൻ നീയെന്ന
തണലിന്റ പശ്ചിമ വേണം
മുകമാം മനസ്സിൽ താളവിന്യാസങ്ങൾ
നിൻ തണൽ വിരലിനാൽ
തഴുകിയുറക്കണം!!.

With Thanks...........

ഇതൾ